(ബി) ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച് എന്ത് നടപടി എടുത്തു ;

(സി) നടപടികൾ ഊർജ്ജിതപ്പെടുത്താൻ നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി & സി) ഓർക്കാട്ടേരി, ആദിയൂർ ദേശങ്ങളെ എടച്ചേരി സബ് രജിസ്ട്രാർ ആഫീസിന്റെ പരിധിയിൽ കൊണ്ടുവരുവാൻ തീരുമാനം എടുത്തു കഴിഞ്ഞു. ഇതു സംബന്ധിച്ച വിജ്ഞാപനം താമസിയാതെ പുറപ്പെടുവിക്കുന്നതാണ്.

ഏലപ്പാറ വില്ലേജ് പീരുമേട് സബ് രജിസ്ട്രാർ ഓഫീസിനോട് ചേർക്കാൻ നടപടി

302. [377] ശ്രീ. കെ. കെ. തോമസ് : താഴെ കാണുന്ന ചോദ്യത്തിന് വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഇപ്പോൾ കട്ടപ്പന സബ് രജിസ്ട്രാർ ഓഫീസിനോട് ചേർന്നിരിക്കുന്ന ഏലപ്പാറ വില്ലേജ് പീരുമേട് സബ് രജിസ്ട്രാർ ഓഫീസിനോട് ചേർക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

ഇതിനു വേണ്ട നടപടി എടുത്തുവരികയാണ്.

II. അടിയന്തിരപ്രമേയം

ഇടുക്കിയിൽ തങ്കമണി എന്ന സ്ഥലത്തു നടന്ന പോലീസ് വെടിവയ്പ്

മി. ഡെപ്യൂട്ടി സ്പീക്കർ : ഇടുക്കി ജില്ലയിലെ തങ്കമണിയിൽ ബുധനാഴ്ച വൈകിട്ട് നാട്ടുകാർക്കെതിരെ നെടുങ്കണ്ടം സി. ഐ. യുടെ നേതൃത്വത്തിൽ പോലീസ് വെടിവച്ചതിന്റെ ഫലമായി രണ്ടുപേർ മരണമടയുകയും മറ്റ് നിരവധിപേർക്ക് സാരമായി പരിക്കേൽക്കുകയും ചെയ്ത സംഭവത്തെ തുടർന്ന് അവിടെ ഉളവായതായി പറയപ്പെടുന്ന ഗുരുതരാവസ്ഥയെപ്പറ്റി ചർച്ച ചെയ്യാൻ ഇന്നത്തെ നിയമസഭാനടപടികൾ നിർത്തിവയ്ക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ശ്രീ. ഇ. കെ. നായനാർ, ശ്രീ. കെ. പി. പ്രഭാകരൻ, ശ്രീ. എ. സി. ഷൺമുഖദാസ്, ശ്രീ. ബേബിജോൺ, ശ്രീ. കെ. കൃഷ്ണൻകുട്ടി, ശ്രീ. എം. വി. രാഘവൻ, ശ്രീ. സി. കെ. ചക്രപാണി, ശ്രീ. ജി. വരദൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : കട്ടപ്പനയിൽ തങ്കമണി എന്ന സ്ഥലത്ത് സഹകാരിബസ്സുകാരും നാട്ടുകാരും തമ്മിൽ തർക്കമുണ്ടായതിനെത്തുടർന്ന് സ്ഥിതിഗതികൾ സംഘർഷാത്മകമായിത്തീരുകയും സമാധാനം പാലിക്കാൻവേണ്ടി ചെന്ന പോലീസിന് അവരെ നിയന്ത്രിക്കാൻ സാധിക്കാതെവരികയും ചെയ്തതിന്റെ ഫലമായി വെടിവയ്പ് നടത്തുകയും ചെയ്തു. അതിന്റെ ഫലമായി ഒരാൾ മരിക്കുകയും ഒരാളെ ആശുപത്രിയിൽ പ്രവേശിപ്പിക്കാൻ ഇടയാകുകയും ചെയ്തിട്ടുണ്ട്. ഒരാൾ മരിക്കാൻ ഇടയായതിൽ ഗവൺമെന്റിന് അങ്ങേയറ്റം ദുഃഖമുണ്ട്. തങ്കമണി ടൗണിലാണ്

LIBRARY ARCHIVES Kerala Legislative Assembly